സ്വാമി ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിലേയ്ക്ക് 2023–2024 (കൊല്ലവർഷ 1198–1199) വർഷത്തേയ്ക്ക് പൂജാദ്രവ്യങ്ങൾ ഉൾപ്പെടെയുള്ള ഇനങ്ങളുടെ സഞ്ചായ കുത്തക അവകാശം ഏർപ്പെടുത്തുന്ന നായി പ്രസിദ്ധീകരിക്കുന്ന ഇ–ടെന്റർ വിഞ്ജാപനം

## പൊതുനിബന്ധന, സ്പെഷ്യൽ നിബന്ധനകൾ

## പൊതുനിബന്ധന

1. സഞ്ചായ കുത്തക അവകാശ കാലാവധി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയായിരിക്കും

2. ടെൻഡറിൽ പങ്കെടുക്കുന്നവർ **http:/etenders.kerala.gov.in** എന്ന ടെൻഡർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർ ബന്ധപ്പെട്ട ഇ–ടോക്കൺ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഇ–ടോക്കണുകൾ **SIFY/TCS/ncode** തുടങ്ങിയ കേ ങ്ങളിൽനിന്നും ലഭ്യമാക്കേണ്ടതാണ്. ഏതെങ്കിലും ഇനം കുത്തക ഏറ്റു നടത്തുവാൻ ആഗ്രഹിക്കുന്നയാൾ ടി. കുത്തകയുമാ ബന്ധപ്പെട്ട സ്ഥലം/ഷെഡ്/കെട്ടിടം നേരിട്ട് ബോദ്ധ്യപ്പെട്ടശേഷം ടെൻഡറിൽ പങ്കെടുക്കേണ്ടതാണ്.

3. ടെൻഡറിൽ പങ്കെടുക്കുന്നവർ 500/– രൂപ രജിസ്ട്രേഷൻ ഫീ ഓൺലൈനായി അയയ്ക്കേണ്ടതാണ്. ടി തുക തിരികെ ലഭിക്കുന്നത ആയതിന്റെ ജി.എസ്.റ്റി ടെന്ററിൽ പങ്കെടുക്കുന്നവർ ഒടുക്ക് വരുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കാത്തവരേയും, നിരതദ്രവ്യം ഹ രാക്കാത്തവരേയും, സാധാരണ വ്യവസ്ഥകളനുസരിച്ച് ടെൻഡറിൽ പങ്കെടുക്കുവാൻ യോഗ്യതയില്ലാത്തവരേയും ടെന്ററിൽ പങ്കെടു വാൻ അനുവദിക്കുന്നതല്ല. മേൽപറഞ്ഞ യോഗ്യതകൾ ഉണ്ടായിരുന്നാലും ടെൻഡറിൽ ഏതെങ്കിലും വ്യക്തിയെ ചേർക്കുകയോ ചേർക്കാതിരിക്കുകയോ ചെയ്യുന്നതിന് ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ വസ്ഥകൾ നടപ്പു കോൺട്രാക്ടർമാർക്കും ബാധകമായിരിക്കും. മുൻകൂടിശ്ശികക്കാരേയും, ബ്ലാക്ക് ലിസ്റ്റ് ചെയ്തവരേയും യാതൊ കാരണവശാലും ടെൻഡറിൽ പങ്കെടുപ്പിക്കുന്നതല്ല. (ഉടമ്പടി വയ്ക്കുന്ന അവസരത്തിൽ പോലീസ് ക്ളിയറൻസ് സർട്ടിഫിക്കറ്റും ആവ ്യമായ ബാങ്ക് ഗ്യാരന്റിയും ഹാജരാക്കേണ്ടതാണ്. ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള കരാറുകാരെ ഒഴിവാക്കുന്നതിനുള്ള അ കാരം ബോർഡിൽ/ബോർഡ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. സോൾവൻസി സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല).

4. മിനിമം കോട്ടുചെയ്യേണ്ട തുക മാനദണ്ഡമാക്കി ലേലത്തുകകളിൽ **10** ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ളവയെ **'എ'** കാറ്റഗറിയായും, ലക്ഷം രൂപയ്ക്ക് മുകളിൽ **10** ലക്ഷം രൂപാവരെ **'ബി'** കാറ്റഗറിയായും, **5** ലക്ഷം രൂപയ്ക്കുമുകളിൽ **7** ലക്ഷം രൂപവരെ **'സി'** കാറ്റ യായും **2** ലക്ഷം മുതൽ **5** ലക്ഷം രൂപവരെ **'ഡി'** കാറ്റഗറിയായും കുത്തക ഐറ്റങ്ങളെ തരംതിരിച്ചിട്ടുള്ളതാണ്. ഓ കാറ്റഗറിയിലെയും ഇ.എം.ഡി. തുകകൾ ടെണ്ടറിനോടൊപ്പം ഓൺ ലൈൻ ആയി സമർപ്പിക്കേണ്ടതാണ്.

അഞ്ച് ലക്ഷം രൂപയ്ക്ക് താഴെ അടിസ്ഥാന ലേല തുക വരുന്ന ഇനങ്ങൾക്ക് ഇ-ടെൻറർ ഉണ്ടായിരിക്കുന്നതല്ല.ഓപ്പൺ ലേലം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

ഓരോ കാറ്റഗറിയിലുമുള്ള ഐറ്റങ്ങളുടെ ലേല തുക അടയ്ക്കേണ്ട വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കാറ്റഗറി | 1 -ാം ഗഡു | 2 -ാം ഗഡു | 3 -ാം ഗഡു |
|---|---|---|---|
| | ഇ-ടെൻറർ /ഓപ്പൺ ലേലം / ലേല ദിവസം | 2023എപ്രിൽ 30 നകം | 2023 ജൂലൈ 31 നകം |
| A | 50 % | 25 % | 25 % |
| B | 50 % | 25 % | 25 % |
| C | 50 % | 50 % | Nil |
| D | 50 % | 50 % | Nil |

5. ഓരോ ഇനത്തിന്റേയും ടെൻഡറുകൾ പരിശോധിച്ച് ആരുടെയെങ്കിലും പേരിൽ ടെൻഡർ സ്ഥിരപ്പെടുത്തുന്നപക്ഷം ടിയാന്റേതൊഴിച്ച് മറ്റുള്ളവരുടെ നിരതദ്രവ്യം ഓൺലൈനായിതന്നെ അവരുടെ അക്കൗണ്ടിൽ തിരികെ നൽകുന്നതാണ്. ഓപ്പൺ ലേലത്തിൽ പങ്കെടുക്കുന്നവരിൽ ലേല ഉറപ്പിച്ചിട്ടുള്ളവരുടെ ഒഴികെയുള്ള ഇ.എം.ഡി തുക ലേല ഹാളിൽ രസീത് നൽകി തിരികെ കൈപ്പറ്റാവുന്നതാണ്.
6. കുത്തകലഭിക്കുന്ന വ്യക്തി കുത്തക തുകയുടെ ഒന്നാം ഗഡു അന്നേ ദിവസം തന്നെ ഒടുക്കു വരുത്തി കുത്തക അവകാശ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. തുടർന്നുള്ള ഗഡുക്കൾ നിശ്ചിത സമയ പരിധിക്കകം ഒടുക്കുവരുത്താത്ത പക്ഷം കുത്തക അവകാശം റദ്ദു ചെയ്യുന്നതിനോ, റീ ടെൻഡർ ക്ഷണിക്കുന്നതിനോ ഡിപ്പാർട്ട്മെന്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
7. ടെൻഡർ/ലേലം സ്വീകരിക്കുന്ന മുറയ്ക്ക് അവരുടെ പേരിൽ കുത്തക അനുവദിച്ച് വരുന്ന വിവരം കക്ഷികളെ തെര്യപ്പെടുത്തുന്നതും അപ്രകാരം കുത്തകാനുവാദം കിട്ടിയാൽ കൃത്യം ഏഴു ദിവസത്തിനകം, കുത്തകക്കാരന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ 200 രൂപയുടെ മുദ്ര പത്രത്തിൽ ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചിട്ടുള്ള നക്കൽ പ്രകാരം ബന്ധപ്പെട്ട ആഫീസിൽ ഉടമ്പടിവച്ച് വച്ച ശേഷം കുത്തക നടത്തേണ്ടതുമാകുന്നു.
8. മേൽ വകുപ്പിൽ (5)-ൽ വിവരിക്കുന്ന പ്രകാരം കുത്തക തുക പൂർണ്ണമായി 2023 ജൂലൈ 31-നകം ഒടുക്കുവരുത്തുന്നതിന് വീഴ്ച വരുന്ന ടെൻഡറുകാരന്റെ/ ലേല ക്കാരന്റെ കുത്തക വീഴ്ച വരുത്തുന്നവരെ അറിയിക്കാതെ റദ്ദു ചെയ്യുന്നതിനോ ആവർത്തന ലേലം ക്ഷണിക്കുന്നതിനോ ഡിപ്പാർട്ട്മെന്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ആയതിൽ വച്ച് ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഒന്നാം കുത്തകക്കാരൻ ഉത്തരവാദി ആയിരിക്കുന്നതാണ്. ആയതിൽ നിന്നും ലാഭമുണ്ടായാൽ കുത്തകക്കാരന് ആയതിന്മേൽ യാതൊരു അവകാശവും ഇല്ലാത്തതാകുന്നു. ദേവസ്വവുമായി നിലവിൽ കേസ്സുകളോ, ദേവസ്വത്തിലേയ്ക്ക് കുടിശ്ശികകളോ ഉള്ളവരെ ആവശ്യമെങ്കിൽ അയോഗ്യരാക്കുവാനുള്ള അധികാരം ദേവസ്വം ബോർഡിന് ഉണ്ടായിരിക്കുന്നതാണ്.
9. മേൽ 4 വകുപ്പിൽ വിവരിക്കുന്ന പ്രകാരം കൊല്ലവർഷം 1198 ലെ കുത്തകയ്ക്ക് 2023 ജൂലൈ 31-ാം തീയതിയ്ക്കു മുമ്പായി മുഴുവൻ കുത്തക തുകയും അടയ്ക്കാതെ വീഴ്ച വരുത്തുന്ന ടെൻഡർ/ലേലകാരന്റെ കുത്തക റദ്ദ് ചെയ്ത് യുക്തമെന്നു തോന്നുന്ന മറ്റു പ്രകാരത്തിലോ ആവർത്തന ടെൻഡർ നടത്തി ആളേർപ്പെടുത്തിയോ, നേരിട്ടോ കുത്തക നടത്തുന്നതിനും അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിന് ആദ്യടെൻഡർ/ലേലകാരൻ ഉത്തരവാദിയായിരിക്കുന്നതും ലാഭമുണ്ടായാൽ ആയതിലേക്ക് ടിയാന് അവകാശമില്ലാത്തതുമാകുന്നു.

10. നിശ്ചിത തീയതിയ്ക്കകം കുത്തക തുകകൾ അടച്ചു തീർക്കാതെ വീഴ്ച വരുത്തുന്നവരുടെ കുടിശ്ശിക തുകകൾക്ക് കുത്തകതുകയുടെ ഗഡു അടയ്ക്കേണ്ട അവസാന തീയതി മുതൽ 18 ശതമാനം പലിശ സഹിതം ഈടാക്കുന്നതാണ്. ഇതിൽ വീഴ്ചവരുത്തുന്നവരുടെ പേരിൽ ഡിപ്പാർട്ടുമെന്റിനുണ്ടാകുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങളും ഈടാക്കുന്നതിന് ആവശ്യമായ നിയമ നടപടി സ്വീകരിക്കുന്നതുമാണ്.

11. ടെൻഡർ/ലേലം അവസാനിപ്പിച്ചതിന് ശേഷമോ/കുത്തക അനുവദിച്ചതിന് ശേഷമോ/ ടെന്റർ/ലേലം സ്വീകരിച്ചതിന് ശേഷമോ/ഉടമ്പടി വച്ചതിന് ശേഷമോ ടെന്ററുകാരൻ/കുത്തകക്കാരൻ കുത്തകയിൽ നിന്നു പിൻമാറുന്നതായാൽ ടിയാൻ വച്ചിട്ടുളള മുഴുവൻ തുകയും പ്രായശ്ചിത്തമായി ഡിപ്പാർട്ട്മെന്റിലേക്ക് മുതൽകൂട്ടുന്നതും കരാർ റദ്ദു ചെയ്യുന്നതുമാണ്.

12. കുത്തകക്കാരൻ/ടെന്റർകാരൻ ഏതെങ്കിലും തരത്തിൽ കുത്തക മുടക്കുന്നതുമൂലം ഡിപ്പാർട്ട്മെന്റിലേക്ക് ഏതെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം നിയമപ്രകാരമുളള നടപടികൾ നടത്തി ടിയാന്റെ സ്ഥാവരജംഗമ വസ്തുക്കളിൽനിന്നും നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.

13. യുക്തമെന്നു തോന്നുന്നപക്ഷം മേൽ വിവരിച്ച കുത്തകയുടെ ടെന്റർ/ലേലം നിറുത്തിവയ്ക്കുന്നതിന് ടെന്റർ ക്ഷണിക്കുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതും അതിൻമേൽ പരാതിപ്പെടാൻ ടെന്റർ/ലേലകാർക്ക് അവകാശമില്ലാത്തതുമാകുന്നു.

14. കുത്തകക്കാർക്ക്/ടെന്റർകാർക്ക് ഡിപ്പാർട്ട്മെന്റിന്റെ രേഖാമൂലമായ അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറ്റുന്നതിനോ, കീഴ്കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതുമാകുന്നു.അപ്രകാരം ചെയ്തതായി കണ്ടെത്തിയാൽ മുന്നറിയിപ്പില്ലാതെ ടെന്റർ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

15. ടെൻഡർ സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

16. പരസ്യത്തിലെ എല്ലാ കുത്തകൾക്കുമുളള സെക്യൂരിറ്റി തുക കുത്തകയുടെ കാലാവധി കഴിഞ്ഞ് ആക്ഷേപങ്ങളൊന്നുമില്ലാത്തപക്ഷം തിരികെ കൊടുക്കുന്നതായിരിക്കും. എല്ലാ ഐറ്റങ്ങൾക്കും സെക്യൂരിറ്റി തുക നിശ്ചയിച്ചിട്ടുളളത് കുത്തകവിവരത്തിൽ അതാത് ഐറ്റത്തിന് നേരെ ചേർത്തിട്ടുളളതാണ്.

17. ക്ലീനിംഗ് ബിൽഡിംഗ് സെക്യൂരിറ്റിയിനത്തിൽ അടയ്ക്കേണ്ട തുക ചുവടെ വിവരിക്കും പ്രകാരമായിരിക്കുന്നതാണ്.

| ക്ളീനിങ്ങ് സെക്യൂരിറ്റി | |
|---|---|
| കാറ്റഗറി | തുക രൂപ |
| A | 10,000 |
| B | 5,000 |
| C | 3,000 |
| D | 1000 |

18. കടകൾ നടത്തുന്നതിന് ദേവസ്വത്തിന്റെ ഭൂമിയോ, കെട്ടിടമോ ആവശ്യമായി വരുന്നകുത്തകക്കാർ നിയമാനുസരണം ഉടമ്പടിവെച്ച അറിയിപ്പ് ബന്ധപ്പെട്ട ദേവസ്വം ആഫീസിൽ നിന്നും കിട്ടുന്നമുറയ്ക്ക് പ്രസ്തുത സ്ഥലം കരാറുകാരൻ ബോദ്ധ്യപ്പെട്ട് ഏറ്റുവാങ്ങിയിരിക്കേണ്ടതാണ്.കുത്തകക്കാരന് കീഴിൽ ജോലി നോക്കുന്നവരുടെ വിവരങ്ങളും പോലീസ് ക്ളിയറൻസ് സർട്ടിഫിക്കറ്റും ബന്ധപ്പെട്ട ദേവസ്വം ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്.

19. കുത്തക്കാർ അവർക്ക് പരമാവധി ഉപയോഗിക്കാവുന്ന സ്ഥലത്തിൽ കവിഞ്ഞ് അധികമായി മറ്റ് യാതൊരു ആവശ്യത്തിനും സ്ഥലം കൈവശം വയ്ക്കുന്നതിന് അനുവാദമില്ലാത്തതാണ്.

20. കുത്തക നടത്തിപ്പിന് ദേവസ്വത്തിൽനിന്ന് സ്ഥലം ആവശ്യമായ എല്ലാ കുത്തകക്കാരും (നാളികേരം, തറ, കടകൾ, തുടങ്ങിയവയെല്ലാം) അവരവരുടെ പ്രവർത്തന മേഖലയും, പരിസരവും സ്വന്തം ചെലവിൽ വൃത്തിയായും വെടിപ്പായും സൂക്ഷിക്കേണ്ടതാണ്. ആയത് ബന്ധപെട്ട പൊതുജനാരോഗ്യം/ദേവസ്വം ബോർഡ്ഉദ്യോഗസ്ഥന്മാർ സന്ദർശിച്ച് ബോദ്ധ്യപ്പെടുന്നതും, അവരുടെ അതാത് സമയത്തുളള നിർദ്ദേശങ്ങൾ തുടർന്നും അനുസരിക്കേണ്ടതുമാണ്.

21. കുത്തകക്കാരൻ തന്റെ കരാർ നടത്തുന്ന വകയിൽ ഉണ്ടാകുന്ന പാഴ്‌വസ്തുക്കൾ, ചപ്പുചവറുകൾ മറ്റ് മാലിന്യങ്ങൾ മുതലായവ ശേഖരിക്കാൻ ആശ്യമായ ചവറു വീപ്പകൾ സ്വന്തം ചെലവിൽ സ്ഥാപിച്ചിരിക്കേണ്ടതാണ്.

22. കുത്തക നടത്തുന്നതിന് ദേവസ്വത്തിൽനിന്നും അനുവദിക്കുന്ന ഭൂമി/കെട്ടിടം, ഏൽപ്പിക്കുന്ന അതേ സ്ഥിതിയിൽ ഉപയോഗിക്കുന്നതിനാണ്. ഈ നിലയ്ക്ക് മാറ്റം അനിവാര്യമാണെങ്കിൽ ഡിപ്പാർട്ട്മെന്റിൽനിന്നും മുൻകൂർ അനുവാദം വാങ്ങി സ്വന്തം ചെലവിൽ ചെയ്യേണ്ടതും കാലാവധിക്കുശേഷം ഡിപ്പാർട്ട് മെന്റിൽനിന്നും നിർദ്ദേശിക്കുന്ന പക്ഷം പഴയ നിലയിലാക്കി തിരിച്ചേൽപ്പിക്കേണ്ടതുമാണ്.

23. കരാർ വ്യവസ്ഥ ലംഘിക്കുന്ന കുത്തകക്കാരെ അപ്പോൾത്തന്നെ കുത്തക അവസാനിപ്പിക്കുന്നതിനും ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണമായ അധികാരമുണ്ടായിരിക്കുന്നതും ആയതിന് യാതൊരു നഷ്ടപരിഹാരവും ആവശ്യപ്പെടാൻ കരാറുകാരന് അവകാശമില്ലാത്തതുമാകുന്നു.

24. ദേവസ്വം ഉദ്യോഗസ്ഥരുടെ കാലാകാലങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ എല്ലാ കുത്തകക്കാരും ബാദ്ധ്യസ്ഥരാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെയും, ദേവസ്വത്തിന് ഹാനികരമായ എന്തെങ്കിലും പ്രവൃത്തിയിൽ ഏർപ്പെടുന്നവരുടേയും കുത്തക താൽക്കാലികമായോ സ്ഥിരമായോ റദ്ദ് ചെയ്യുന്നതിന് ബോർഡിന് പൂർണ്ണ അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.

25. സർക്കാരും ബോർഡും നിശ്ചയിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

26. കുത്തകകൾ ഏറ്റെടുക്കുന്നവരുടെ നടപടികൾ നിമിത്തം ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമായോ പരിസ്ഥിതിക്ക് ദോഷകരമായോ ഭക്തരെ ചൂഷണം ചെയ്യുന്നവിധത്തിലൊ എന്തെങ്കിലും പ്രവർത്തനം ഉണ്ടാകുന്നപക്ഷം അവരുടെ കുത്തക അറിയിപ്പ് കൂടാതെ ഉടനടി റദ്ദുചെയ്യുന്നതിനും നിയമ നടപടി സ്വീകരിക്കുന്നതിനും ദേവസ്വം കമ്മീഷണർക്കും, ദേവസ്വം ബോർഡിനും അധി കാരം ഉണ്ടായിരിക്കുന്നതാണ്.

27. കുത്തക സംബന്ധിച്ച് സർക്കാരിലേയ്ക്ക് എന്തെങ്കിലും നികുതി കൊടുക്കേണ്ടതുണ്ടായിരുന്നാൽ കുത്തകക്കാരൻ ടി നികുതി നേരിട്ട് കൊടുക്കുന്നതിന് ബാദ്ധ്യസ്ഥനാണ്.

28. കുത്തക ലഭിക്കുന്നവരുടെ ഇ.എം.ഡി തുകകൾ കുത്തക കാലാവധിയ്ക്ക് ശേഷം അതാത് ഉദ്യോഗസ്ഥരിൽ നിന്നും ബാദ്ധ്യത ഇല്ലായെന്നുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.

29. ഇ.എം.ഡി ഇനത്തിൽ കെട്ടി വയ്ക്കുന്ന തുക ടെൻഡറിൽ ക്വാട്ട് ചെയ്യുന്ന തുകയുമായി ഏതൊരു കാരണവശാലും പരിഗണിയ്ക്കുന്നതില്ല.ടെൻർ ലഭിക്കുന്നവരുടെ ഇ.എം.ഡി തുക കുത്തക കാലാവധിയ്ക്കു ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.

30. കുത്തക ഏറ്റെടുക്കുന്നവരിൽ നിന്നും ലേല തുക ഈടാക്കുമ്പോൾ നിയമ പ്രകാരം ഈടാക്കേണ്ട ജി.എസ്.റ്റി തുക കൂടി കുത്തകകാരിൽ നിന്നും ഈടാ ക്കേണ്ടതാണ്. യഥാസമയം ജി.എസ്.റ്റി പിടുത്തം വരുത്തിയതിന് ശേഷം ഇ.എം.ഡി തുക തിരികെ നൽകുന്നതിന് റിപ്പോർട്ട് ലഭ്യമാക്കാവൂ.

31. കുത്തകക്കാരൻ ക്ഷേത്ര ഭരണത്തിലോ ക്ഷേത്ര ചടങ്ങുകളിലോ ഇടപെടുവാൻ പാടില്ലാത്തതാകുന്നു.

## സ്പെഷ്യൽ നിബന്ധനകൾ

## I. നാളീകേര കുത്തക

1) നാളീകേരക്കൂട്ടിൽ ഉടയ്ക്കുന്ന നാളീകേരം അപ്പപ്പോൾ നീക്കം ചെയ്യേണ്ട താണ്.

2) ദേവസ്വം ഉദ്യോഗസ്ഥർ നിർദേശിക്കുന്ന സ്ഥലങ്ങളിൽ വച്ചുമാത്രമേ നാളീ കേരം വിൽപ്പന നടത്തുവാൻ പാടുള്ളൂ.

3) വിൽപ്പന നടത്തുന്ന നാളീകേരത്തിന്റെ വില വിവിധ ഭാഷകളിൽ പ്രദർശി പ്പിക്കേണ്ടതാണ്.

4) നിശ്ചിത സമയപരിധിക്കുള്ളിൽ നീക്കം ചെയ്യാത്ത വകകൾ ഡിപ്പാർട്ട്മെന്റ് മുതൽകൂട്ടുകയും ആയതിന് കരാറുകാരന് അവകാശം ഇല്ലാത്തതുമാണ്.

5) കരാർ നടത്തിപ്പിന് ഡിപ്പാർട്ട്മെന്റ് കെട്ടിടം ലഭ്യമാക്കുന്നതല്ല.

## II. വെടി കുത്തക

1) വെടി ഒന്നിന് പത്തു രൂപയിൽ നിരക്കിൽ കൂടുതൽ ലേലക്കാരനോ ടിയാന്റെ ആൾക്കാരോ വാങ്ങുവാൻ പാടുള്ളതല്ല. ആയതിന്റെ വിവരം പ്രദർശിപ്പിക്കേണ്ടതും അതിനു വിപരീതമായി കൂടുതൽ തുക വാങ്ങുന്ന പക്ഷം ആയത് ദേവസ്വം ഫണ്ടിലേക്ക് മുതൽ കൂട്ടു ന്നതിനും കുത്തക റദ്ദ് ചെയ്യുന്നതിനും ഡിപ്പാർട്ടുമെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

2) വെടി വഴിപാട് നടത്തുന്നതുമൂലം ഭക്തർക്ക് യാതൊരു അസൗകര്യവും ഉണ്ടാകാൻ പാടില്ലാത്തതും ഏതെങ്കിലും തരത്തിൽ ഡിപ്പാർട്ടു മെന്റിനോ ഭക്തർക്കോ മറ്റാർക്കെങ്കിലും നഷ്ടം ഉണ്ടാകുന്നപക്ഷം ഡിപ്പാർട്ടുമെന്റ് നിശ്ചയിക്കുന്ന നഷ്ടം കുത്തകക്കാരൻ കെട്ടി വയ്ക്കാൻ ബാദ്ധ്യസ്ഥനാണ്.

3) വെടി വഴിപാട് നടത്തിപ്പിനായി ഗൺപൗഡർ ഫാക്ടറിയുടെയും സ്റ്റോറേജിന്റെയും ലൈസൻസ് ദേവസ്വം ഉദ്യോഗസ്ഥരുടെ പേരി ലായിരിക്കും. കൂടുതലായി വേണ്ടിവരുന്ന ലൈസൻസും, വെടിവഴിപാട് നടത്തുന്നതിലേക്കുള്ള **LE3(b)** ലൈസൻസും കുത്തകക്കാ രൻ സ്വന്തം ചെലവിൽ എടുത്തിരിക്കേണ്ടതും, എക്സ്പ്ലോസീവ് ആക്ടിലേയും റൂളിലേയും ലൈസൻ സിലേയും വ്യവസ്ഥകൾ അനുസ രിച്ച് വെടിമരുന്ന് ഉണ്ടാക്കുക, സൂക്ഷിക്കുക, പ്രയോഗിക്കുക തുടങ്ങിയ ജോലികൾ അതിലേക്കായി പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള വെടി മരുന്നുശാലയിൽ വച്ചുമാത്രം നടത്തേണ്ടതും അല്ലാതെയുള്ള കെട്ടിടമോ സ്ഥലമോ യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടി ല്ലാത്തതും 1984-ലെ ഇന്ത്യൻ എക്സ്പ്ലോസീവ് ആക്ടിലെയും 2008 ലെ എക്സ്പ്ലോസീവ് റൂൾസിലേയും വ്യവസ്ഥകൾ അതേപടി പാലി ക്കുന്നതിനും കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ഏതെങ്കിലും വ്യത്യസ്തമായി കണ്ടാൽ കുത്തക റദ്ദ് ചെയ്തു വേറെ ആളിനെ ഏർപ്പെടുത്തിയോ ഡിപ്പാർട്ട്മെന്റ് ചുമതലയിലോ വെടി വഴിപാട് നടത്തുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരമുണ്ടായിരിക്കു ന്നതും അതിനെ ചോദ്യം ചെയ്യുന്നതിന് കുത്തകക്കാരന് അവകാശം ഇല്ലാത്തതുമാകുന്നു. പ്രസ്തുത ആക്ടിലേയും റൂൾസിലേയും വ്യവസ്ഥകൾ അനുസരിച്ച് ഇതര നടപടികൾക്ക് കുത്തകക്കാരൻ ബാദ്ധ്യസ്ഥനാണ്. ഡിപ്പാർട്ടുമെന്റിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗ സ്ഥൻ ആവശ്യമെന്നു കണ്ടാൽ വെടിമരുന്നു സ്റ്റോക്ക് മുതലായ കുത്തകക്കാരൻ ചെയ്തിട്ടുള്ള എല്ലാ ഏർപ്പാടുകളും പരിശോധിക്കുന്ന തിനും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതും അതിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കുന്നതിന് കുത്തകക്കാരൻ ബാദ്ധ്യസ്ഥനാ യിരിക്കുന്നതുമാണ്.

4) കുത്തക സംബന്ധിച്ച് സർക്കാരിലേയ്ക്ക് എന്തെങ്കിലും നികുതി കൊടുക്കേണ്ടതുണ്ടായിരുന്നാൽ കുത്തകക്കാരൻ ടി നികുതി നേരിട്ട് കൊടുക്കുന്നതിന് ബാദ്ധ്യസ്ഥനാണ്.
5) കുത്തകക്കാരൻ നിയോഗിക്കുന്ന തൊഴിലാളികൾ വെടിമരുന്നു നിർമ്മിക്കാനും പ്രയോഗിക്കാനും പ്രാവീണ്യവും പരിചയവും സിദ്ധിച്ച വരായിരിക്കേണ്ടതാണ്. ആയത് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിനെ ബോദ്ധ്യപ്പെടുത്താൻ സന്നദ്ധനുമായിരിക്കണം.
6) കുത്തകക്കാർ നിയോഗിക്കുന്ന തൊഴിലാളികളുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ ലിസ്റ്റും, ഓരോ പാസ്പോർട്ട് സൈസ് ഫോട്ടോയും ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ആഫീസർ / സബ്ഗ്രൂപ്പാഫീസറെ ഏൽപ്പിച്ച് തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് സമ്പാദിച്ചുകൊള്ളേണ്ടതാണ്. ഐഡന്റിറ്റി കാർഡ് ഇല്ലാത്ത യാതൊരു തൊഴിലാളികൾക്കും വെടിമരുന്നുശാലയ്ക്കുള്ളിലോ പരിസരത്തോ പ്രവേശനത്തിന് അധീകരമില്ലാത്തതാകുന്നു.
7) കുത്തകക്കാരൻ സ്വന്തം ചെലവിൽ തൊഴിലാളികളെ ഇൻഷ്വർ ചെയ്യേണ്ടതും അവർക്ക് പോലീസ് ക്ളിയറൻസ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതും അവരുടെ എല്ലാ വിധത്തിലുള്ള പൂർണ്ണ ഉത്തരവാദിത്വം കുത്തകക്കാരനിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.
8) പോലീസ് ക്ളിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ആരേയും സ്റ്റാളുകളിൽ ജോലിയ്ക്ക് നിയോഗിക്കുവാൻ പാടില്ല.

## V നേർച്ച സാധനങ്ങളുടെ കുത്തക

ഭക്തർക്ക് നടയ്ക്ക് വയ്ക്കുന്നതിനുള്ള സ്വർണ്ണത്തിലും വെള്ളിയിലുമുള്ള ആൾരൂപം, കാല്, കയ്യ്, കണ്ണ് മുതലായ നേർച്ചരൂപങ്ങളും, ഓട്, പിത്തള, വെള്ളി വിളക്കുകൾ, മണി, ലോക്കറ്റുകൾ, മാല പെന്റന്റ്, മോതിരം മുതലായ ആഭരണങ്ങളും കൂടാതെ സ്വർണ്ണം, വെള്ളി എന്നിവയിൽ ഏതെങ്കിലുമൊന്നുകൊണ്ടു പൊതിഞ്ഞതും, രുദ്രാക്ഷം, തുളസി, വിലപിടിപ്പുള്ള കല്ലുകൾ എന്നിവയിൽ നിർമ്മിച്ചതുമായ മാലയും മറ്റാഭരണങ്ങളും, കർപ്പൂരത്തട്ടം, കിണ്ണം എന്നിവ ഉണ്ടാക്കികൊണ്ടുവന്ന് ഡിപ്പാർട്ടുമെന്റിൽനിന്നും നിർദ്ദേശിക്കുന്ന സ്ഥലത്തുവച്ച് വിൽപ്പന നടത്തുന്നതിന് കുത്തകക്കാരന് അവകാശമുള്ളതാകുന്നു. ഇതിലേക്കാവശ്യമായ ലൈസൻസ് സ്വന്തം ഉത്തരവാദിത്വത്തിൽ ബന്ധപ്പെട്ട അധികാരികളിൽനിന്നു വാങ്ങി കുത്തകക്കാരൻ/ടെന്റർകാരൻ സൂക്ഷിച്ചുകൊള്ളേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്. സ്വർണ്ണം 14 ക്യാരറ്റിലും, വെള്ളി 8 ക്യാരറ്റിലും കുറയാൻ പാടില്ലാത്തതും, ടി സാധനം കുത്തകക്കാരനോ ടിയാൻ അധികാരപ്പെടുത്തുന്ന ആളുകളോ അല്ലാതെ മറ്റ് യാതൊരുത്തരും വിൽപ്പന നടത്തുവാൻ പാടില്ലാത്തതും, അനധികൃതമായി വിൽപ്പന നടത്തുന്നവരിൽനിന്നും ആ വക സാധനങ്ങൾ പിടിച്ചെടുത്ത് ഡിപ്പാർട്ടുമെന്റിലേയ്ക്ക് മുതൽ കൂട്ടുന്നതുമാകുന്നു. സ്വർണ്ണംകൊണ്ടും, വെള്ളികൊണ്ടും നിർമ്മിച്ചിട്ടുള്ള നേർച്ച ഉരുപ്പടികളും മറ്റും നിബന്ധന അനുസരിച്ചുള്ളതാണോ എന്ന് പരിശോധിക്കുന്നതിന് ഡിപ്പാർട്ടുമെന്റിന് അവകാശമുണ്ടായിരിക്കുന്നതും, നിബന്ധന അനുസരിച്ചുള്ളതല്ലെന്ന് ബോദ്ധ്യം വരുന്നപക്ഷം ക്രിമിനൽ നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ നടത്തുന്നതിനും ഉരുപ്പടികൾ സ്ഥലത്തുനിന്നും നീക്കം ചെയ്യുന്നതിനും ഡിപ്പാർട്ടുമെന്റിന് അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

## VI പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം ,പൂജാ തട്ട് മുതലായവ

1. പൂജാ സാധനങ്ങൾ വിൽക്കുന്നയാൾക്ക് ലൈസൻസ് ഉണ്ടായിരിക്കണം.
പൂമാല ചെറുത് 2 മുഴത്തിന് 30 രൂപയും, വലിയ പൂമാലയ്ക്ക് (കേശാദി പാദം)12 അടി നീളം 300 രൂപയും
വെറ്റില മാല 21 വെറ്റയുടേത്- 50 രൂപ
നാരങ്ങാമാല 20എണ്ണം 150 രൂപ 51 നാരങ്ങ 300 രൂപ
തട്ടം നിവേദ്യം സാധനങ്ങൾ വിൽക്കുന്നതിന്

| | | |
|---|---|---|
| 1 | തേങ്ങ-1 | 20 രൂപ |
| 2. | രസകദളി പഴം 1 പടല | 35 രൂപ |

| | | |
|---|---|---|
| | (8 എണ്ണം) | |
| 3. | ചെറിയ ഹാരം-1 | 30 രൂപ |
| 4. | വെറ്റില-3 | 5 രൂപ |
| 5. | പാക്ക്-1 | 5 രൂപ |
| 6. | അവൽ 100 ഗ്രാം | 4 രൂപ |
| 7. | മലർ100 ഗ്രാം | 2 രൂപ |
| 8. | കൽക്കണ്ടം, മുന്തിരി | 15 രൂപ |
| 9. | ശർക്കര 100 ഗ്രാം | 4 രൂപ |
| 10. | വിളക്കെണ്ണ 100 ഗ്രാം | 40 രൂപ |
| 11. | സാമ്പ്രാണി-1 | 10 രൂപ |
| 12. | നെയ്യ് 50 ഗ്രാം | 30 രൂപ |
| | ആകെ | 200 രൂപ |

2. ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്ന സ്ഥലത്ത് സ്റ്റാൾ കെട്ടി അവകാശം നടത്തേണ്ടതാണ്.
3. പൂജാ സാധനങ്ങൾ പായ്ക്ക് ചെയ്യുന്നതിന് പ്ളാസ്റ്റിക്ക് കവർ ഒഴിവാക്കണം
4. പൂജാ സ്റ്റാളും പരിസരവും ലേലക്കാരന്റെ ചുമതലയിൽ ശുചിയായി സൂക്ഷിക്കേണ്ടതാണ്.

5. സ്റ്റാളിൽ വിൽപ്പന നടത്തുന്ന പൂജാ ദ്രവ്യങ്ങളുടെ വിവരങ്ങൾ പ്രത്യേക വിലവിവിര പട്ടിക തയ്യാറാക്കി പ്രദർശിപ്പിക്കേണ്ടതാണ്. വിലയിൽ മാറ്റം വരുത്തുന്ന പക്ഷം ദേവസ്വം അധികാരികളുടെ അനുവാദം വാങ്ങേണ്ടതാണ്.

6. സ്റ്റാളുകളിൽ അഗ്മാർക്ക്/ഐ.എസ്.ഐ മാർക്കുള്ള ഉൽപ്പന്നങ്ങൾ മാത്രമേ വിൽപ്പന നടത്തുവാൻ പാടുള്ളൂ.

7. പൂജാ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധനാ വേളകളിൽ തടസ്സങ്ങൾ ഉന്നയിക്കുവാൻ പാടുള്ളതല്ല.

8. പൂജാ സാധനങ്ങൾ കുത്തക ഏറ്റെടുക്കുന്ന കരാറുകാർ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കരാർ റദ്ദ് ചെയ്യു ന്നതിനും നിരത ദ്രവ്യം കണ്ടുകെട്ടുന്നതിനും യുക്തമായ പിഴ ചുമത്തുന്നതിനും ബോർഡിന് അധികാരം ഉണ്ടായിരിക്കും.

## പ്രത്യേക നിബന്ധനകൾ

1. മലയാലപ്പുഴ ക്ഷേത്രത്തിലെ കോഴി വഴിപാട് ലേലം കൊള്ളുന്നവർ മതിലിന് വെളിയിൽ വിൽപ്പന നടത്തുന്നതിന് സ്റ്റാൾ ഒരുക്കേണ്ടതാണ്. കോഴി സമർ പ്പണം മൂർത്തി നടയിൽ എന്ന് ബോർഡ് സ്റ്റാളിൽ പ്രദർശിപ്പിക്കേണ്ടതാണ്. വഴിപാട് കാരനോടൊപ്പം ഇടനിലക്കാരെ അനുവദിക്കുന്നതല്ല.

2. മലമാട സ്വാമി നടയിലെ മുറുക്കാൻ കച്ചവട സ്റ്റാൾ ഭക്തജനങ്ങൾക്ക് പ്രദക്ഷിണം വയ്ക്കുന്നതിന് സൗകര്യർത്ഥം 01.04.2023 മുതൽ മുഹൂർത്തി നടയിൽ നിന്നും മാറ്റി ഗ്രൗണ്ടിന് പുറത്ത് മതിലിന് സമീപം സ്റ്റാൾ കെട്ടി നടത്തേണ്ടതാണ്. .
3. മലയാലപ്പുഴ ദേവസ്വം കുത്തക സ്റ്റാളിൽ അവരുടെ ചെലവിൽ പ്രത്യേകം മീറ്റർ സ്ഥാപിച്ച് കറണ്ട് കണക്ഷൻ എടുക്കേണ്ടതാണ്.
4. കിഴക്ക് പടിഞ്ഞാറ് നടകളിൽ ഓരോ പൂജാ സ്റ്റാളും പൂമാല വിൽക്കുന്ന സ്റ്റാളും മാത്രമേ അനുവദിക്കുകയുള്ളൂ.
5. മഞ്ചാടി വിൽക്കുന്ന സ്റ്റാൾ ക്ഷേത്രത്തിന് കിഴക്ക് വശം ഗ്രൗണ്ടിൽ സ്റ്റാൾ കെട്ടി നടത്തേണ്ടതാണ്.
6. എല്ലാ കുത്തകകളും 01/04/20223 മുതൽ ക്ഷേത്ര മതിൽ കെട്ടിന് പുറത്ത് സ്റ്റാൾ കെട്ടി വിൽപ്പന നടത്തേണ്ടതാണ്.
7. ഏറ്റുമാനൂർ ദേവസ്വം കംഫർട്ട് സ്റ്റേഷന്റെ ലേലം എഗ്രിമെന്റിൽ കരാർ കാലയളവിലും കരാർ കഴിയുന്ന മുറയ്ക്കും കരാറുകാരന്റെ സ്വന്തം ചെലവിൽ സെപ്റ്റിക്ക് ടാങ്ക് മാലിന്യം നീക്കം ചെയ്ത് കംഫർട്ട് സ്റ്റേഷൻ ഡിപ്പാർട്ടുമെന്റിന് കയ്മാറേണ്ടതാണെന്നുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

**<u>വൈക്കം ജില്ലയിൽപ്പെട്ട വിവിധ ദേവസ്വങ്ങളിലെ 2023-2024 സാമ്പത്തീക വർഷം സഞ്ചായകുത്തക ലേലം സംബന്ധിച്ച സ്റ്റേറ്റുമെന്റ്</u>**

**<u>(DC'S ROC 42/2022/NS 2 തീയതി 16-1-2023)</u>**

| നം | ഗ്രൂപ്പ് | ദേവസ്വം | ഇനം | കഴിഞ്ഞ അഞ്ച് വർഷത്തെലേലതുക | | | | | കഴിഞ്ഞ അഞ്ച് വർഷത്തെ കൂടിയ തുക | 5% വർദ്ധിപ്പിച്ച തുക (2023 - 24 അടിസ്ഥാന ലേല തുക) | ഇ.എം.ഡി തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 2018- 19 | 2019- 20 | 2020- 21 | 2021- 22 | 2022-23 | | | | |
| 1 | തൃക്കാരിയൂർ | പി.ഡി.പെരുമ്പാവൂർ | പൂജാദ്രവ്യം | 15,37,000 | 16,90,700 | 2,22,000 DS'S ROC 1495/20/ NS 2 Dated 4-9-2020 പൂജാദ്രവ്യം പൂമാല നാളീകേരം എന്നിവ ഉൾപ്പെടെ 315000/-രൂപയ്ക്ക് ലേലം നടന്നിട്ടുള്ളതാകുന്നു. | 12,07,700 | 13,77,751 | 16,90,700 | 17,75,235 | 1,77,524 | |
| 2 | കോട്ടയം | തിരുനക്കര | പൂജാദ്രവ്യം | 26,31,800 | 26,31,800 | 24,93,052 | 22,00,500 | 18,27,777 | 26,31,800 | 27,63,390 | 2,76,339 | |
| 3 | കോട്ടയം | തിരുനക്കര | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവ | 5,66,000 | 7,55,255 | 95,1111 | 4,78,000 | 5,90,270 | 9,51,111 | 9,98,667 | 99,867 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | കാശം | | | | | | | | |
| 4 | കോട്ടയം | തിരുനക്കര | ഗണപതിനടയിൽ നാളീകേരം വിൽക്കുന്നതിനും ശിഷ്ടം എടുക്കുന്നതിനുമുള്ള അവകാശം | 7,06,500 | 9,37,515 | 11,51,100 | 5,08,200 | 7,56,800 | 11,51,100 | 12,08,655 | 1,20,866 | |
| 5 | കോട്ടയം | പാക്കിൽ | പൂജാദ്രവ്യം | 5,25,000 | 3,43,000 | 75,000 | 4,80,101 | 3,98,000 | 5,25,000 | 5,51,250 | 55,125 | |
| 6 | കോട്ടയം | തിരുവാർപ്പ് | പൂജാദ്രവ്യം | 5,21,251 | 3,47,520 | 1,76,000 | 3,71,700 | 6,00,200 | 6,00,200 | 6,30,210 | 63,021 | |

<u>**വൈക്കം ജില്ലയിൽപ്പെട്ട വിവിധ ദേവസ്വങ്ങളിലെ 2023-2024 സാമ്പത്തീക വർഷം സഞ്ചായകുത്തക ലേലം സംബന്ധിച്ച സ്റ്റേറ്റുമെന്റ്**</u>

<u>**(DC'S ROC 42/2022/NS 2 തീയതി 16-1-2023)**</u>

| നം | ഗ്രൂപ്പ് | ദേവസ്വം | ഇനം | കഴിഞ്ഞ അഞ്ച് വർഷത്തെലേലതുക | | | | | കഴിഞ്ഞ അഞ്ച് വർഷത്തെ കൂടിയ തുക | 5% വർദ്ധിപ്പിച്ച തുക (2023 – 24 അടിസ്ഥാന ലേല തുക) | ഇ.എം.ഡി തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 2018- 19 | 2019- 20 | 2020- 21 | 2021- 22 | 2022-23 | | | | |
| 7 | പറവൂർ | ആലുവാ മഹാദേവർ | പൂജാദ്രവ്യം | 16,75,000 | 8,53,366 | 4,00,000 (1-7-20 മുതൽ 31-3-21 വരെ) | 10,00,000 | 16,66,666 | 16,75,000 | 17,58,750 | 1,75,875 | |
| 8 | പറവൂർ | ആലുവാ മഹാദേവർ | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | 6,11,000 | 6,72,350 | 1,00,000 | 3,10,000 | 7,10,000 | 7,10,000 | 7,45,500 | 74,550 | |
| 9 | പറവൂർ | തൃക്കാക്കര | പൂജാദ്രവ്യം | 9,02,000 | 9,62,130 | 11,56,500 | 6,67,000 | 6,70,000 | 11,56,500 | 12,14,325 | 1,21,433 | |
| 10 | പറവൂർ | തൃക്കാക്കര | വിഷ്ണു നട പൂമാല കെട്ടിവിൽക്കുന്നതിനുള്ള അവകാശം | 5,00,125 | 6,50,001 | 7,35,100 | 4,14,000 | 4,15,000 | 7,35,100 | 7,71,855 | 77,186 | |
| 11 | പറവൂർ | തൃക്കാക്കര | ശിവൻനട പൂമാല കെട്ടിവിൽക്കുന്നതിനുള്ള അവകാശം | 4,20,000 | 7,11,000 | 50,000 | 3,83,000 | 3,84,000 | 7,11,000 | 7,46,550 | 74,655 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 12 | പറവൂർ | മൂകാംബി | പൂജാദ്രവ്യം | 12,00,100 | 12,80,098 | 13,45,555 | 9,11,000 | 8,68,120 | 13,45,555 | 14,12,833 | 1,41,283 | |
| 13 | പറവൂർ | മൂകാംബി | പൂമാല കെട്ടി വിൽക്കുന്നതി നുള്ള അവ കാശം | 610751 | 825255 | 9,63,633 | 5,14,000 | 4,90,000 | 9,63,633 | 10,11,815 | 1,01,182 | |
| 14 | പറവൂർ | മൂകാംബി | ഗണപതി ന ടയിൽ നാളീകേരം വിൽ ക്കുന്നതിനും ശി ഷ്ടം എടുക്കുന്നതി നുമുള്ള അവകാശം | 2,83,605 | 3,23,800 | 3,81,001 | 4,10,632 | 4,99,999 | 4,99,999 | 5,24,999 | 52,500 | |

**വൈക്കം ജില്ലയിൽപ്പെട്ട വിവിധ ദേവസ്വങ്ങളിലെ 2023-2024 സാമ്പത്തീക വർഷം സഞ്ചായകുത്തക ലേലം സംബന്ധിച്ച സ്റ്റേറ്റുമെന്റ്**

**(DC'S ROC 42/2022/NS 2 തീയതി 16-1-2023)**

| നം | ഗ്രൂപ്പ് | ദേവസ്വം | ഇനം | കഴിഞ്ഞ അഞ്ച് വർഷത്തെലേലതുക | | | | | കഴിഞ്ഞ അ ഞ്ച് വർഷത്തെ കൂടിയ തുക | 5% വർദ്ധി പ്പിച്ച തുക (2023 - 24 അടിസ്ഥാ ന ലേലതു ക) | ഇ.എം.ഡി തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 2018- 19 | 2019- 20 | 2020- 21 | 2021- 22 | 2022-23 | | | | |
| 15 | പറവൂർ | കണ്ണൻ കുളങ്ങര | പൂജാദ്രവ്യം | 6,35,000 | ----- | 40,000 | 5,16,500 | 4,92,250 | 6,35,000 | 6,66,750 | 66,675 | |
| 16 | പറവൂർ | പാട്ടുപുര ക്കാവ് | പൂജാദ്രവ്യം | 4,11,600 | 1,02,900 (1-4-19മു തൽ 30-6-19 വരെ) | 5,86,688 | 3,96,500 | 3,78,000 | 5,86,688 | 6,16,022 | 61,602 | |
| 17 | ഏേറ്റു മാനൂർ | ഏറ്റുമാനൂർ | പൂജാദ്രവ്യം | 1,62,09,000 | 1,72,89,600 | 2,34,56,789 | 1,10,00,000 | 1,10,01,000 | 2,34,56,789 | 2,46,29,628 | 24,62,963 | |
| 18 | ഏേറ്റു മാനൂർ | ഏറ്റുമാനൂർ | പൂമാല കെട്ടി വിൽക്കുന്ന തിനുള്ള അ വകാശം | ----- | ----- | ----- | ----- | 13,11,000 | 13,11,000 | 13,76,550 | 1,37,655 | |
| 19 | ഏേറ്റു മാനൂർ | ഏറ്റുമാനൂർ | സ്വർണ്ണം, വെള്ളി വക കൾ വിൽ ക്കുന്നതിനുള | 14,58,900 | 12,50,101 | 14,02,110 | 6,20,001 | 9,53,500 | 14,58,900 | 15,31,845 | 1,53,185 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ള അവ കാശം | | | | | | | | |
| 20 | ഏേറ്റു മാനൂർ | ഏേറ്റുമാനൂർ | കംഫർട്ട് സ്റ്റേഷൻ | ----- | ----- | ----- | 5,55,501 | 3,67,000 | 5,55,501 | 5,83,276 | 58,328 | |
| 21 | ഏേറ്റു മാനൂർ | കടുത്തുരുത്തി | പൂജാദ്രവ്യം | ----- | 5,75,000 | 80,000 | 2,10,000 | 2,11,000 | 5,75,000 | 6,03,750 | 60,375 | |
| 22 | വൈക്കം | വൈക്കം | പൂജാദ്രവ്യം | 47,14,500 | 47,14,500 | ----- | 32,36,200 | 20,35,000 | 47,14,500 | 49,50,225 | 4,95,023 | |
| 23 | വൈക്കം | വൈക്കം | മാല കെട്ടിവിൽക്കുന്നതിനുള്ള അവകാശം | 30,33,333 | 24,50,000 | 2,08,000 | 21,33,333 | 10,71,600 | 30,33,333 | 31,85,000 | 3,18,500 | |
| 25 | വൈക്കം | കൃഷ്ണൻ കോവിൽ | പൂജാദ്രവ്യം | 6,33,333 | 6,34,200 | 56,001 | 6,60,195 | 1,77,000 | 6,60,195 | 6,93,205 | 69,321 | |
| 26 | വൈക്കം | ഉദയനാപുരം | പൂജാദ്രവ്യം | ----- | ----- | 6,37,751 | 5,57,000 | 4,64,000 | 6,37,751 | 6,69,639 | 66,964 | |

**വൈക്കം ജില്ലയിൽപ്പെട്ട വിവിധ ദേവസ്വങ്ങളിലെ 2023-2024 സാമ്പത്തീക വർഷം സഞ്ചായകുത്തക ലേലം സംബന്ധിച്ച സ്റ്റേറ്റുമെന്റ്**
**(DC'S ROC 42/2022/NS 2 തീയതി 16-1-2023)**

| നം | ഗ്രൂപ്പ് | ദേവസ്വം | ഇനം | കഴിഞ്ഞ അഞ്ച് വർഷത്തെലേലതുക | | | | | കഴിഞ്ഞ അഞ്ച് വർഷത്തെ കൂടിയ തുക | 5% വർദ്ധിപ്പിച്ച തുക (2023 - 24 അടിസ്ഥാന ലേലതുക) | ഇ.എം.ഡി തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 2018- 19 | 2019- 20 | 2020- 21 | 2021- 22 | 2022-23 | | | | |
| 27 | വൈക്കം | ഇളംങ്കാവ് | പൂജാദ്രവ്യം | ----- | ----- | 5,63,500 | 4,30,000 | 1,50,000 | 5,63,500 | 59,1675 | 59,168 | |
| 28 | വൈക്കം | ഉദയം പേരൂർ | പൂജാദ്രവ്യം | ----- | ----- | 1,41,500 | 1,56,500 | 6,06,666 | 6,06,666 | 6,36,999 | 63,700 | |

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**